(1)	(2)	(3)	(4)	(5)	(6)
ഇടുക്കി	24600	32400	35500	38500	5963
എറണാകുളം	113850	15325	15810	104180	13700
തൃശ്ശൂർ	66352	67168	52111	59687	-
പാലക്കാട്	7015	7000	6800	2500	-
മലപ്പുറം	8345	8435	8685	4211	134697
കോഴിക്കോട്	47350	50125	52075	55410	57404
വയനാട്	6120	6325	6300	6600	4238
കണ്ണൂർ	56500	57000	57000	65900	42539
കാസർഗോഡ്	25665	27294	27595	28891	22450

(ഡി) കേരളോത്സവ വിജയികൾക്ക് സർക്കാർ ജോലികൾക്ക് വെയിറ്റേജ് മാർക്ക് നൽകേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്.

മൃഗശാലകളിലെ അടിസ്ഥാന സൗകര്യം

307 (696) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സാദ്ധ്യമായില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത കാരണം മൃഗങ്ങൾ ചത്തൊടുങ്ങുന്ന സാഹചര്യം ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായതായി കരുതുന്നുണ്ടോ;

(സി) ഈ ആവശ്യങ്ങൾക്കായി മതിയായ തുക വകയിരുത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(ഡി) ഇപ്രകാരം വകയിരുത്തിയ തുകകൾ യഥാർത്ഥമായി ഉപയുക്തമാക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ ആവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം നവീകരണ പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

(ബി) അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത കാരണം മൃഗങ്ങൾ ചത്തൊടുങ്ങുന്ന അവസ്ഥ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടില്ല.

(സി) മൃഗങ്ങളുടെ മെച്ചപ്പെട്ട സംരക്ഷണ പ്രവർത്തനങ്ങൾക്കും മൃഗശാലയുടെ അടിസ്ഥാന നവീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

(ഡി) ടി തുകകൾ യഥാർത്ഥമായി ഉപയുക്തമാക്കാൻ സാധിച്ചിട്ടുണ്ട്.

മൃഗശാലകളുടെയും മ്യൂസിയങ്ങളുടേയും നവീകരണം

308(697) ശ്രീ. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരിത്രമ്യൂസിയത്തിന്റെ നവീകരണം, മൃഗശാലകളിലും മ്യൂസിയങ്ങളിലും ഇന്ററാക്ടീവ് ഡിസ്പ്ലേ യൂണിറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 14.5 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവൃത്തികളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

മ്യൂസിയവും മൃഗശാലയും വകുപ്പിന്റെ 2014-15 വർഷത്തെ ആകെയുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി 14.50 കോടി രൂപ അനുവദിച്ചിരുന്നു. അതിൽ നിന്നും വിവിധ പദ്ധതികൾക്കായി 1007.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ബഡ്ജറ്റ് തുക 2014-15 സാമ്പത്തിക വർഷം ചെലവഴിച്ചതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി* ചേർക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 655,657,679,693 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly